(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ സംബന്ധിച്ച റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം നഗരസഭാപരിധിയിലെ അനധികൃത കെട്ടിടങ്ങൾ

115 (4150) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം നഗരസഭാപരിധിയിൽ വീട്, ഫ്ലാറ്റ്, കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായ എത്ര അനധികൃത കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട് ; ഓരോന്നും ഏതൊക്കെയെന്ന് പേരുസഹിതം വിവരിക്കുമോ ;

(ബി) ഈ അനധികൃത കെട്ടിടനിർമ്മാണ പ്രവർത്തനത്തിന് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം കോർപ്പറേഷൻ ആറ്റിപ്ര സോണൽ ഓഫീസിന്റെ കീഴിൽ മാത്രം വീട്, ഫ്ലാറ്റ്, കൊമേഴ്സ്യൽ മുതലായ എത്ര അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തിയിട്ടുണ്ട് ; ഇവ ഏതൊക്കെ ; ആരുടെയൊക്കെപേരിൽ ; പൂർണ്ണ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭാപരിധിയിൽ 657 അനധികൃത നിർമ്മാണങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) അനധികൃത കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം കോർപ്പറേഷൻ ആറ്റിപ്ര സോണൽ ഓഫീസിന്റെ പരിധിയിൽ 16 അനധികൃത കെട്ടിടനിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ പുതിയ പദ്ധതികൾ

116 (4151) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ് ; ഇതിൽ കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുന്നത് ; പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്ന നോഡൽ ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly